എ.വൈ.ആർ

പക്ഷിമൃഗാദികളെ മനുഷ്യാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്താൻ പരിശീലിപ്പിക്കുന്നതിന്റെ ഭാഗമായുള്ള ശിക്ഷണനടപടികൾ അനുവദനീയമാണ്. കുതിരകളെ ഓടാൻ പരിശീലിപ്പിക്കാം. കാലികളെ നിലം ഉഴുതുമറിക്കാനും വെള്ളം തേവാനും പരിശീലിപ്പിക്കാം. പ്രാവുകളെ കത്തുകളെത്തിക്കാനും ഗരുഡനെയും ശ്വാക്കളെയും വേട്ടയാടാനും പഠിപ്പിക്കാം. കേവല വിനോദത്തിനു വേണ്ടി ഒരു ജന്തുവിനെയും ഉപദ്രവിക്കാനോ ഹിംസിക്കാനോ പാടില്ല.



---

وَتَفَقَّدَ الطَّيْرَ فَقَالَ مَا لِيَ لَا أَرَى الْهُدْهُدَ أَمْ كَانَ مِنَ الْغَائِبِينَ ﴿٢٠﴾

20. സുലൈമാൻ പക്ഷിപ്പടയെ പരിശോധിച്ചപ്പോൾ അന്വേഷിച്ചു; എന്തു പറ്റി ആ മരംകൊത്തിയെ കാണുന്നില്ലല്ലോ. അതോ അത് അപ്രത്യക്ഷനായതാണോ?

لَأُعَذِّبَنَّهُ عَذَابًا شَدِيدًا أَوْ لَأَذْبَحَنَّهُ أَوْ لَيَأْتِيَنِّي بِسُلْطَانٍ مُبِينٍ ﴿٢١﴾

21. ഞാനതിനെ കഠിനമായി ശിക്ഷിക്കുകയോ അറുത്തുകളയുക തന്നെയോ ചെയ്യും. അല്ലെങ്കിൽ ആധികാരികമായ കാരണവുമായി അത് എന്റെ മുമ്പിൽ വരേണം.

**20,21**

وَتَفَقَّدَ= അദ്ദേഹം (സുലൈമാൻ) അന്വേഷിച്ചു, പരിശോധിച്ചു الطَّيْرَ= പക്ഷി(പ്പട)യെ

فَقَالَ= അപ്പോൾ അദ്ദേഹം പറഞ്ഞു مَا لِيَ= എനിക്കെന്തു പറ്റി لَا أَرَى= ഞാൻ കാണുന്നില്ലല്ലോ

الْهُدْهُدَ= ആ മരംകൊത്തിയെ أَمْ كَانَ = അതോ അത് ആയതാണോ

مِنَ الْغَائِبِينَ= അദൃശ്യരിൽ പെട്ടവൻ(അപ്രത്യക്ഷൻ)

لَأُعَذِّبَنَّهُ= (ഞാനതിനെ ശിക്ഷിക്കും(ക്കുകയോ) തീർച്ചയായും) عَذَابًا شَدِيدًا= കഠിനമായ ശിക്ഷ

أَوْ لَأَذْبَحَنَّهُ= (അറുത്തു കളയുകയോ തന്നെ ചെയ്യും) അല്ലെങ്കിൽ ഞാൻ അതിനെ കശാപ്പു ചെയ്യും

أَوْ لَيَأْتِيَنِّي= അല്ലെങ്കിൽ അത് എന്റെ മുന്നിൽ വരട്ടെ

بِسُلْطَانٍ مُبِينٍ= (ആധികാരികമായ കാരണവുമായി) തെളിഞ്ഞ ന്യായവുമായി

പടയാളികളുടെ അച്ചടക്കവും കായികക്ഷമതയും വിലയിരുത്താൻ സൈന്യാധിപന്മാർ പരേഡ് നടത്തുക പതിവാണല്ലോ. സുലൈമാൻ നബിയും ഇത്തരം പരേഡുകൾ സംഘടിപ്പിച്ചിരുന്നു. ഒരു പരേഡിൽ അദ്ദേഹം സേനയിലെ പക്ഷിദളം പരിശോധിക്കുകയായിരുന്നു. تَفَقَّدَ الطَّيْرَ -എന്നാണ് മൂലവാക്ക്. നഷ്ടപ്പെടലും കാണാതാകലുമാണ് فقد. ഈ പദം تفقد എന്നാക്കുമ്പോൾ അർഥം പരിശോധിക്കുക, സന്ദർശിക്കുക, അന്വേഷിക്കുക എന്നൊക്കെയാകുന്നു. പക്ഷിദളം പരിശോധിച്ചപ്പോൾ അതിൽ ഒരു സൈനികനായ മരംകൊത്തിപ്പക്ഷിയെ കണ്ടില്ല. അത് സുലൈമാൻ നബിയെ കോപിഷ്ഠനാക്കി. അദ്ദേഹം പറഞ്ഞു: എന്ത്? മരംകൊത്തിയെ കാണുന്നില്ലല്ലോ. അതിവിടെ ഉണ്ടായിട്ട് നമ്മുടെ കണ്ണിൽ പെടാത്തതാണോ, അതല്ല പരേഡിൽ ഹാജരാകാതെ മാറിനിൽക്കുകയാണോ? أَمْ كَانَ مِنَ الْغَائِبِينَ എന്ന വാക്യത്തിനു മുമ്പ്, അതിവിടെ ഉണ്ടായിട്ട് നമ്മുടെ കണ്ണിൽപെടാത്തതാണോ എന്ന ആശയത്തിലുള്ള വാക്യം അനുക്തമായിട്ടുള്ളതുകൊണ്ടാണ് ഈ വാക്യം أَمْ (അതല്ല) എന്ന പദം കൊണ്ട് തുടങ്ങുന്നത്. അഗോചരം, കാണാതാവൽ,

അസാന്നിധ്യം മുതലായ ആശയങ്ങൾ വഹിക്കുന്ന غيب -ൽനിന്നുള്ള കർതൃപദമാണ് غائب. അഗോചര സത്യങ്ങളിലുള്ള വിശ്വാസത്തിന് ايمان بالغيب എന്ന് പറയും. غيبة പരദൂഷണമാണ്. അനുവാദമില്ലാതെ പരേഡിൽനിന്ന് മാറിനിൽക്കുകയോ സ്ഥലം വിടുകയോ ചെയ്യുന്നവരെയാണ് ഇവിടെ غَائِبِين കൊണ്ട് വിവക്ഷിക്കുന്നത്. അങ്ങനെയാണെങ്കിൽ അച്ചടക്കലംഘനത്തിന് അതിനെതിരെ കർശനമായ നടപടിയെടുക്കും, ഒരുവേള കശാപ്പു ചെയ്യുക തന്നെ ചെയ്തേക്കും, അല്ലെങ്കിലത് തന്റെ അസാന്നിധ്യത്തിന് പ്രബലമായ ന്യായവും കാരണവും ബോധിപ്പിക്കണം എന്നാണാശയം. സുലൈമാൻ നബിയുടെ ഈ താക്കീത് സൂചിപ്പിക്കുന്നത് അദ്ദേഹത്തിന്റെ സൈന്യത്തിലെ പക്ഷിദളവും വ്യവസ്ഥാപിതമായ പരിശീലനത്തിനും പരിശോധനക്കും അച്ചടക്ക നടപടികൾക്കും വിധേയമായിരുന്നുവെന്നാണ്. ഭാഷാർഥത്തിൽ അധികാരവും അധികാരിയുമാണ് سلطان. ആധികാരിക പ്രമാണം, തെളിവ്, ന്യായം, കാരണം തുടങ്ങിയ പ്രയോഗാർഥങ്ങളുമുണ്ട്. ഇവിടെ ഉദ്ദേശ്യം പ്രയോഗാർഥങ്ങളാണ്.

ഈ സൂക്തത്തിന്റെ പശ്ചാത്തലത്തിൽ ജന്തുപീഡനം അനുവദനീയമാണോ എന്ന വിഷയം ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. അനുവദനീയമല്ല എന്നാണ് പൊതുവായ വിധി. പക്ഷിയെ കഠിനമായി ശിക്ഷിക്കുമെന്ന സുലൈമാൻ നബിയുടെ നിലപാട് ദുർബലപ്പെട്ട ശരീഅത്ത് - شريعة منسوخة - ആണ്. എന്നാൽ പക്ഷിമൃഗാദികളെ മനുഷ്യാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്താൻ പരിശീലിപ്പിക്കുന്നതിന്റെ ഭാഗമായുള്ള ശിക്ഷണനടപടികൾ അനുവദനീയമാണ്. കുതിരകളെ ഓടാൻ പരിശീലിപ്പിക്കാം. കാലികളെ നിലം ഉഴുതുമറിക്കാനും വെള്ളം തേവാനും പരിശീലിപ്പിക്കാം. പ്രാവുകളെ കത്തുകളെത്തിക്കാനും ഗരുഡനെയും ശ്വാക്കളെയും വേട്ടയാടാനും പഠിപ്പിക്കാം. കേവല വിനോദത്തിനു വേണ്ടി ഒരു ജന്തുവിനെയും ഉപദ്രവിക്കാനോ ഹിംസിക്കാനോ പാടില്ല. ഇമാം ഖർറാഫി തന്റെ 'തൻഖീഹുൽ ഫുസ്വൂലി'ൽ ഇസ്സുബ്നു അബ്ദിസ്സലാമിനെ ഉദ്ധരിക്കുന്നു: ശല്യക്കാരനായ പൂച്ചയെ കൊല്ലാമോ എന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ''ഒരു പൂച്ചയിൽനിന്ന് സാധാരണ പൂച്ചയിൽനിന്നുണ്ടാകുന്ന ശല്യങ്ങൾക്കപ്പുറമുള്ള വലിയ ദ്രോഹങ്ങൾ ആവർത്തിച്ചുണ്ടാകുന്നുവെങ്കിൽ കൊല്ലാം.'' അശ്രദ്ധമായി വെച്ച പാൽ കുടിക്കുക, മാംസം തിന്നുക തുടങ്ങിയവ സാധാരണ പൂച്ചകളുടെ സ്വഭാവമാണ്. അതിനപ്പുറം ആളെ കടിക്കുക, വസ്തുവഹകൾ നശിപ്പിക്കുക തുടങ്ങിയ ദ്രോഹങ്ങൾ ആവർത്തിച്ചുണ്ടാക്കുന്ന പൂച്ചകളെ കൊല്ലാം എന്നാണ് ഖർറാഫിയുടെ വിശദീകരണം. ഇമാം അബൂ ഹനീഫ പറഞ്ഞു: ദ്രോഹിക്കുന്ന പൂച്ചയെ കൊല്ലേണ്ടിവന്നാൽ കഴുത്തു ഞെരിച്ച് ശ്വാസംമുട്ടിച്ച് കൊല്ലരുത്. നല്ല മൂർച്ചയുള്ള ആയുധം കൊണ്ട് അറുത്തുകൊല്ലണം. നബി(സ) പ്രസ്താവിച്ചിരിക്കുന്നു: എല്ലാ കാര്യവും നന്മയോടെ ചെയ്യണമെന്ന് അല്ലാഹു കൽപിച്ചിരിക്കുന്നു. നിങ്ങൾ കൊല്ലുകയാണെങ്കിലും നല്ല രീതിയിൽ കൊല്ലണം. ഉറുമ്പ്, കൊതുക് പോലുള്ളവ ഉപദ്രവിക്കുമ്പോൾ കൊന്നുകളയാമെന്നും അത്തരം ഹിംസകൾ ഒഴിവാക്കാനാവില്ലെന്നും ശൈഖ് ഇബ്നു അബീസൈദ് തന്റെ *രിസാല*യിൽ പ്രസ്താവിച്ചിരിക്കുന്നു. നിങ്ങളെ ശല്യപ്പെടുത്തുന്നില്ലെങ്കിൽ അവയെയും ഹിംസിക്കാൻ പാടില്ല.

ഇവിടെ പരാമർശിക്കുന്ന മരംകൊത്തി പക്ഷിസേനയിലെ ഒരംഗം മാത്രമായിരിക്കാം. ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നതുപോലെ പക്ഷിദളത്തിന്റെ നായകനുമായിരിക്കാം. പക്ഷികളുടെ മുഖ്യ സൈനിക ദൗത്യം വാർത്താവിനിമയവും രഹസ്യാന്വേഷണവുമാണെന്ന് നേരത്തേ സൂചിപ്പിച്ചിട്ടുണ്ടല്ലോ. മരംകൊത്തിക്ക് സൈനികപ്രാധാന്യമുള്ള ഒരു പ്രത്യേക ഗുണമുള്ളതായും പറയപ്പെടുന്നു. ജലലഭ്യത തിരിച്ചറിയാനുള്ള കഴിവാണത്. മരംകൊത്തിയെ പറത്തിയാൽ ഏതു ദിശയിൽ സഞ്ചരിച്ചാലാണ് എളുപ്പത്തിൽ ജലസ്രോതസ്സിലെത്തുകയെന്ന് മനസ്സിലാക്കാം. പ്രത്യേക രീതിയിൽ ചിറകടിച്ചുകൊണ്ട് ഭൂമിക്കടിയിലെ ജലസാന്നിധ്യം ഈ പക്ഷി വെളിപ്പെടുത്തും. അതിന്റെ ഉറപ്പുള്ള നീണ്ട കൊക്കുകൊണ്ട് മണ്ണ് തുരന്ന് വെള്ളമെടുക്കാനും കഴിയും. ■

---

فَمَكَثَ غَيْرَ بَعِيدٍ فَقَالَ أَحَطتُ بِمَا لَمْ تُحِطْ بِهِ وَجِئْتُكَ مِن سَبَإٍ بِنَبَإٍ يَقِينٍ ﴿٢٢﴾

22. അധികം വൈകാതെ മരംകൊത്തി പ്രത്യക്ഷപ്പെട്ടിട്ട് ബോധിപ്പിച്ചു: അങ്ങ് അറിഞ്ഞിട്ടില്ലാത്ത ചില വിവരങ്ങൾ ഞാൻ അറിഞ്ഞിരിക്കുന്നു. സബഇൽ നിന്നുള്ള ആധികാരിക വിവരവുമായാണ് ഞാൻ അങ്ങയുടെ മുന്നിലെത്തിയിരിക്കുന്നത്.

إِنِّي وَجَدتُّ امْرَأَةً تَمْلِكُهُمْ وَأُوتِيَتْ مِن كُلِّ شَيْءٍ وَلَهَا عَرْشٌ عَظِيمٌ ﴿٢٣﴾

23. ഞാനവിടെ ഒരു വനിതയെ കണ്ടു. അവരാണ് ആ ജനത്തെ ഭരിക്കുന്നത്. അവർക്ക് എല്ലാ വിഭവങ്ങളും ലഭിച്ചിരിക്കുന്നു. അവർക്ക് ഗംഭീരമായ സിംഹാസനമുണ്ട്.

وَجَدتُّهَا وَقَوْمَهَا يَسْجُدُونَ لِلشَّمْسِ مِن دُونِ اللَّهِ وَزَيَّنَ لَهُمُ الشَّيْطَانُ أَعْمَالَهُمْ فَصَدَّهُمْ عَنِ السَّبِيلِ فَهُمْ لَا يَهْتَدُونَ ﴿٢٤﴾

24. അവരും ജനങ്ങളും അല്ലാഹുവിനെ വെടിഞ്ഞ് സൂര്യന് പ്രണാമം ചെയ്യുന്നതായി ഞാൻ കണ്ടു. അവരുടെ നടപടികൾ ചെകുത്താൻ അവർക്ക് അലങ്കാരമാക്കിക്കൊടുത്തിരിക്കുന്നു. അങ്ങനെ അവൻ അവരെ അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് തടഞ്ഞുവെച്ചിരിക്കുകയാണ്. അതിനാൽ അവൻ സന്മാർഗം പ്രാപിക്കുന്നില്ല.

**22,24**

فَمَكَثَ غَيْرَ بَعِيدٍ = അപ്പോൾ അത് ദീർഘമല്ലാതെ താമസിച്ചു (അധികം വൈകാതെ മരംകൊത്തി പ്രത്യക്ഷപ്പെട്ടു)
فَقَالَ = എന്നിട്ട് അതു പറഞ്ഞു (ബോധിപ്പിച്ചു) أَحَطتُ = ഞാൻ അറിഞ്ഞിരിക്കുന്നു
بِمَا لَمْ تُحِطْ بِهِ = നീ(അങ്ങ്) അറിഞ്ഞിട്ടില്ലാത്തത് (ചില വിവരങ്ങൾ)
وَجِئْتُكَ = ഞാൻ നിന്റെ (അങ്ങയുടെ) മുന്നിൽ വന്നു (എത്തിയിരിക്കുന്നത്) مِن سَبَإٍ = സബഇൽനിന്നു(ള്ള)
بِنَبَإٍ يَقِينٍ = ഉറപ്പുള്ള വാർത്തയും കൊണ്ട് (ആധികാരികമായ വിവരങ്ങളുമായിട്ടാണ്) إِنِّي وَجَدتُّ = ഞാൻ (അവിടെ) കണ്ടു
امْرَأَةً = ഒരു വനിതയെ تَمْلِكُهُمْ = അവൾ(ആണ്) അവരെ (ആ ജനത്തെ) ഭരിക്കുന്നു(ന്നത്)
وَأُوتِيَتْ مِن كُلِّ شَيْءٍ = അവൾക്ക് എല്ലാ വസ്തുക്കളാലും നൽകപ്പെട്ടിരിക്കുന്നു (വിഭവങ്ങളും ലഭിച്ചിരിക്കുന്നു)
وَلَهَا = അവൾക്കുണ്ട് عَرْشٌ عَظِيمٌ = ഗംഭീരമായ ഒരു സിംഹാസനം
وَجَدتُّهَا وَقَوْمَهَا = അവളെയും അവളുടെ ജനത്തെയും ഞാൻ കണ്ടു يَسْجُدُونَ = അവർ പ്രണാമം ചെയ്യുന്നതായി
لِلشَّمْسِ = സൂര്യന് مِن دُونِ اللَّهِ = അല്ലാഹുവിനെ വെടിഞ്ഞ്
وَزَيَّنَ لَهُمُ الشَّيْطَانُ = ചെകുത്താൻ അവർക്ക് അലങ്കാരമാക്കി(കൊടുത്തിരിക്കുന്നു)
أَعْمَالَهُمْ = അവരുടെ കർമങ്ങൾ(നടപടികൾ) فَصَدَّهُمْ = അങ്ങനെ അവൻ അവരെ തടഞ്ഞു (വെച്ചിരിക്കുകയാണ്)
عَنِ السَّبِيلِ = അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് فَهُمْ لَا يَهْتَدُونَ = അതിനാൽ അവർ സന്മാർഗം പ്രാപിക്കുന്നില്ല

താമസവും പാർപ്പുമാണ് مكث. ഏറിയ ദൂരവും ദൈർഘ്യവുമാണ് بعيد. അധികം വൈകാതെ എന്നും അധികം അകലെയല്ലാതെ നിന്നുകൊണ്ട് എന്നും مَكَثَ غَيْرَ بَعِيدٍ -ന് അർഥമാകാം. ആദ്യത്തെ അർഥമാണ് പൊതുവിൽ സ്വീകരിക്കപ്പെട്ടിട്ടുള്ളത്. സുലൈമാൻ നബിയുടെ പ്രസ്താവന കഴിഞ്ഞ് അധികം വൈകുന്നതിനു മുമ്പ് മരംകൊത്തിപ്പക്ഷി പ്രത്യക്ഷപ്പെട്ട് താൻ വൈകിയതിന്റെ കാരണം ബോധിപ്പിക്കുകയായിരുന്നു. വലയം ചെയ്യുക എന്ന് ഭാഷാർഥമുള്ള إحاطة-ൽനിന്നുള്ള ക്രിയയായ أحاط - യുടെ ഉത്തമ പുരുഷ ഭൂത വചനമാണ് أحطت. ഉച്ചാരണ സൗകര്യത്തിനു വേണ്ടി أحاطت - വിൽനിന്ന് അലിഫ് കളഞ്ഞ് ط - ഉം ت - ഉം തമ്മിൽ ലയിപ്പിച്ച രൂപമാണിത്. أحاط - യുടെ പ്രഥമ പുരുഷ വർത്തമാന ക്രിയാരൂപമാണ് تحط. സമഗ്രവും സൂക്ഷ്മവുമായ അറിവിനെ കുറിക്കാനാണ് إحاطة - സാധാരണ ഉപയോഗിക്കാറുള്ളത്. ഈ സന്ദർഭത്തിലും അതാണുദ്ദേശ്യം.

മരംകൊത്തി സുലൈമാൻ നബിക്ക് റിപ്പോർട്ട് നൽകി: ''ഞാൻ ശേബാ രാജ്യത്ത് അന്വേഷണത്തിനു പോയതായിരുന്നു. അവിടെനിന്ന് അങ്ങ് ഇതുവരെ അറിഞ്ഞിട്ടില്ലാത്ത ചില ആധികാരിക വിവരങ്ങളുമായിട്ടാണ് ഞാൻ വന്നിട്ടുള്ളത്.''

ദക്ഷിണ അറേബ്യയിലെ പ്രബലമായ നാഗരിക സമൂഹമായിരുന്നു സബഇകൾ. ഖഹ്താൻ വംശത്തിൽപെട്ടവരാണിവർ. ആദിമ അറബികളുടെ ഗണത്തിൽ ഇവർ പെടുന്നില്ല. ഇറാഖിൽനിന്ന് യമൻ പ്രദേശത്ത് കുടിയേറി അറബികളായിത്തീർന്നവരാ(العَرَبُ المُسْتَعْرِبَة)യാണ് ഖഹ്താനികൾ ഗണിക്കപ്പെടുന്നത്. നൂഹ് നബിയുടെ പുത്രൻ സാമിന്റെ പുത്രൻ അർഫഖ്ശദിന്റെ പുത്രൻ ഖഹ്താനാണ് കുലപതി. ഖഹ്താന്റെ പുത്രൻ യഅ്റുബും കുടുംബവുമാണ് ആദ്യം യമനിലെത്തിയതെന്ന് കരുതപ്പെടുന്നു. അവർ ළഫാർ (ظفار) നഗരം സ്ഥാപിച്ചു. പിന്നീട് ഗോത്രശാഖകൾ ദക്ഷിണ ദിക്കിലേക്കു നീങ്ങി. ഹദർ മൗത്തിൽ ചെന്ന് ഇന്നത്തെ യമൻ തലസ്ഥാനമായ സ്വൻആ നഗരം സ്ഥാപിച്ചു. തങ്ങളുടെ നാടിന് 'യമൻ' എന്ന് നാമകരണം ചെയ്തു. യഅ്റുബിന്റെ പുത്രൻ അബ്ദു ശംസ് മാരിബ് നഗരം സ്ഥാപിച്ചു അവിടെ രാജാവായി. സ്വൻആയിൽനിന്ന് 55 മൈൽ വടക്കു കിഴക്കാണ് മാരിബിന്റെ കിടപ്പ്. അബ്ദു ശംസിന്റെ സ്ഥാനപ്പേരാണ് സബഅ് (ശേബാ). ഇത് പിന്നീട് സമുദായ നാമമായും രാജ്യനാമമായും ഒക്കെ ഉപയോഗിക്കപ്പെട്ടുവന്നു. ഖഹ്താനി യമൻ സബഇയ്യ, യമനിയ്യ, ഹിംയരിയ്യ എന്നിങ്ങനെ മൂന്ന് രാജ്യങ്ങളായി വിഭജിതമായിരുന്നു. അക്കൂട്ടത്തിൽ ഏറ്റവുമധികം കാലം പ്രതാപത്തോടെ നിലനിന്നത് സബഅ് ആണ്. ഹിജ്റാബ്ദം പതിനേഴ് നൂറ്റാണ്ട് മുമ്പ് മുതൽ സി.ഇ 115 വരെ അത് നിലനിന്നു. ബി.സി 1100-കളിലാണ് ഈ നാടിന്റെ സുവർണ ഘട്ടം ആരംഭിക്കുന്നത്. സബഅ് രാജാക്കന്മാരിൽ അതിപ്രശസ്തനായിരുന്നു ഹദ്ഹാദ് ബിൻ ശർഹബീൽ. അദ്ദേഹത്തിനു ശേഷം രാജാധികാരം ഏറ്റെടുത്തത് ശർഹബീലിന്റെ പുത്രി ബിൽഖീസാണ്. ഇവർ അവിവാഹിതയോ വിധവയോ ആയിരുന്നു. സബഅ് നാഗരികതയെ കുറിച്ച കൂടുതൽ പരാമർശങ്ങൾ സൂറഃ *സബഇൽ* വരുന്നുണ്ട്.

സബഇനെക്കുറിച്ച് അങ്ങേക്കറിയാത്ത വിവരങ്ങൾ ഞാൻ ശേഖരിച്ചിരിക്കുന്നു എന്ന് മരംകൊത്തി പറയുന്നതിന് സുലൈമാൻ നബിക്ക് സബഅ് രാജ്യത്തെക്കുറിച്ച് ഒട്ടും അറിവില്ലായിരുന്നു എന്ന് അർഥമില്ല. നടേസൂചിപ്പിച്ച പോലെ സബഅ് അക്കാലത്ത് അറേബ്യയിലെ പ്രമുഖ രാജ്യമായിരുന്നു. ആഫ്രിക്കൻ നാടുകൾ, വിദൂര പൗരസ്ത്യനാടുകൾ, റോം, ഗ്രീസ് തുടങ്ങിയ യൂറോപ്യൻ നാടുകൾ, അറേബ്യൻ നാടുകൾ എന്നിവക്കിടയിലെ വ്യാപാരങ്ങളിൽ പ്രമുഖ പങ്കുവഹിച്ചിരുന്നത് സബഇകളാണ്. അങ്ങിങ്ങ് അണകെട്ടുകൾ തീർത്ത് ജലസേചനം സുഗമമാക്കി രാജ്യത്തെ കാർഷികമായും അവർ വികസിപ്പിച്ചിരു

ന്നു. അക്കാലത്ത് ലോകത്തിലെ ഏറ്റവും സമ്പന്നമായ രാജ്യമായിരുന്നു സബഅ് എന്ന് ഗ്രീക്ക് ചരിത്രകാരന്മാർ പറയുന്നു. ഇത്തരമൊരു രാജ്യത്തെക്കുറിച്ച് സുലൈമാൻ നബിക്ക് സാമാന്യമായ അറിവില്ലായിരിക്കുകയില്ല. എങ്കിലും ആ രാജ്യത്തിന്റെ സംസ്കാരത്തെയും രാഷ്ട്രീയ, സാമ്പത്തിക സ്ഥിതികളെയും കുറിച്ച് അദ്ദേഹം വിശദമായി മനസ്സിലാക്കിയിരുന്നില്ല. മരംകൊത്തി കൊണ്ടുവന്നത് ആധികാരികവും സൂക്ഷ്മവുമായ വിശദ വിവരങ്ങളാണ്. സാധാരണ വാർത്തക്ക് خبر എന്നും حديث എന്നുമാണ് പറയുക. ഗൗരവതരമായ വിവരമാണ് نبأ. അതിനെ يقين എന്ന് വിശേഷിപ്പിക്കുന്നത് താൻ കൊണ്ടുവന്ന വാർത്ത കേട്ടുകേൾവിയോ ഊഹമോ അല്ല, തികച്ചും ആധികാരികവും അസന്ദിഗ്ധവുമാണ് എന്ന് കുറിക്കാനാണ്.

മരംകൊത്തി കണ്ട വനിത സുലൈമാൻ നബിയുടെ സമകാലീനയായ ശേബാ രാജ്ഞി ബിൽഖീസ് ആയിരുന്നുവെന്നതിൽ ചരിത്രകാരന്മാർ എകാഭിപ്രായക്കാരാണ്. രാജ്ഞിയും അവരുടെ പ്രജകളും സൂര്യാരാധകരായ സാബിഉകളായിരുന്നു. ഒരു സ്ത്രീ രാജാധികാരം കൈയാളുന്നത് ആ പക്ഷിക്ക് കൗതുകകരമായ കാര്യമായിരുന്നു. അതിലേറെ അതിനെ അത്ഭുതപ്പെടുത്തുന്നതായിരുന്നു രാജ്ഞിയുടെയും പ്രജകളുടെയും വിശ്വാസാചാരം. തന്റെ രാജാവിനെയും ജനങ്ങളെയും പോലെ അവർ വിശ്വസിക്കുന്നത് പ്രപഞ്ചസ്രഷ്ടാവും ഏകനുമായ സാക്ഷാൽ ദൈവത്തിലല്ല. പ്രപഞ്ചനാഥന്റെ എണ്ണമറ്റ സൃഷ്ടികളിലൊന്നായ സൂര്യനെയാണവർ ദൈവമായി കരുതി ആരാധിക്കുന്നത്. ഈ ദുരാചാരം ചെകുത്താൻ അവർക്ക് വളരെ സുന്ദരമായി തോന്നിക്കുകയാണ്. അതുവഴി അവൻ അവരെ സന്മാർഗത്തിൽനിന്ന് തടഞ്ഞുവെച്ചിരിക്കുന്നു. അസത്യത്തെ അസന്ദിഗ്ധമായ സത്യമായും അനാചാരത്തെ സുന്ദരമായ സൽക്കർമമായും ധരിക്കുന്നവർ പിന്നെ സന്മാർഗം പ്രാപിക്കുക സാധ്യമല്ലല്ലോ. أوتينا .... شيء എന്ന വാക്യത്തിന്റെ സാരം നേരത്തേ 16-ാം സൂക്തത്തിനു താഴെ വിശദമാക്കിയിരിക്കുന്നു. സബഅ് രാജ്ഞിയുടെ പ്രൗഢിയെയും പ്രതാപത്തെയും പ്രകാശിപ്പിക്കുന്നതാണ് وَلَهَا عَرْشٌ عَظِيمٌ എന്ന വാക്യം. പഴയകാലത്ത് രാജാക്കന്മാരുടെ പ്രതാപവും പ്രൗഢിയും വിളിച്ചോതുന്ന ചിഹ്നങ്ങളായിരുന്നു സിംഹാസനവും കിരീടവും. മഹാ പ്രതാപികളും സമ്പന്നരുമായ രാജാക്കന്മാരുടെ സിംഹാസനം മികച്ച സ്വർണശിൽപങ്ങളാലും വിലമതിക്കാനാവാത്ത രത്നങ്ങളാലും അലംകൃതവും ഏറെ വലിപ്പമുള്ളതുമായിരിക്കും. ഇന്ത്യ ഭരിച്ച മുഗൾ രാജാക്കന്മാരുടെ മയൂര സിംഹാസനം വിശ്വ പ്രസിദ്ധമാണല്ലോ. ■